# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 802** | **03.12.2014 ൽ മറുപടിക്ക്**

**വൃക്കരോഗികളുടെ എണ്ണത്തിൽ വർദ്ധന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്ത് വൃക്ക രോഗികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടാകുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജീവിതശൈലി രോഗങ്ങളായ പ്രമേഹവും രക്തസമ്മർദ്ദവും സംസ്ഥാനത്ത് വർദ്ധിക്കുന്നതിന്റെ പശ്ചാത്തലത്തിൽ വൃക്ക രോഗങ്ങളും വർദ്ധിച്ചുവരുന്നതായിട്ടാണ് കണക്കാക്കി വരുന്നത്. |
| (ബി) | വൃക്കരോഗചികിത്സയ്ക്ക് താലൂക്ക് ആശുപത്രികൾ കേന്ദ്രീകരിച്ച് ചികിത്സാസൗകര്യങ്ങൾ ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ; | (ബി) | ശുപാർശ ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. |
| (സി) | ഡയാലിസിസ് കേന്ദ്രങ്ങൾ പ്രവർത്തിക്കുന്ന ആശുപത്രികളിൽ ആവശ്യമായ ആരോഗ്യ പ്രവർത്തകരെ അടിയന്തിരമായി നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ? | (സി) | ടി ആശുപത്രികളിൽ അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള ശുപാർശ സർക്കാർ പരിശോധിച്ചുവരുന്നു. |
| (ഡി) | വൃക്കരോഗികൾക്ക് പ്രത്യേക ധനസഹായം അനുവദിക്കുന്നതിനു നടപടി സ്വീകരിക്കുമോ ? | (ഡി) | നിലവിൽ RSBY-CHIS, CHIS plus പദ്ധതി പ്രകാരം നിർദ്ധനരായ രോഗികൾക്ക് ഡയാലിസിസ് ഉൾപ്പെടെയുള്ള വൃക്കരോഗ ചികിത്സയ്ക്ക് ആരോഗ്യ ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നുണ്ട്. 18 വയസ്സുവരെ പ്രായമുള്ളവർക്ക് RBSK/ ആരോഗ്യകിരണം പദ്ധതിയുടെ കീഴിൽ സൗജന്യ ചികിത്സ ലഭ്യമാണ്. ലോട്ടറി വകുപ്പിന്റെ പദ്ധതിയായ കാരുണ്യ ബെനവലന്റ് ഫണ്ട് വഴി ഡയാലിസിസ് ഉൾപ്പെടെയുള്ള ചികിത്സയ്ക്ക് സാമ്പത്തിക സഹായം ലഭിക്കുന്നുണ്ട്. ഇതുകൂടാതെ, വൃക്കരോഗികൾക്ക് |

സൊസൈറ്റി ഫോർ മെഡിക്കൽ **അസിസ്റ്റൻസ് റ്റു** ദി പുവർ പദ്ധതി പ്രകാരം സൊസൈറ്റി**യുടെ അംഗീകൃത** ആശുപത്രികളിൽ ചികിത്സിക്കുന്ന പാവപ്പെട്ട രോഗികൾക്ക് ശസ്ത്രക്രിയയ്ക്ക് പരമാവധി 20,000/- (ഇരുപതിനായിരം) രൂപയും ഡയാലിസിസ് ചെയ്യുന്ന രോഗികൾക്ക് പരമാവധി 10,000/- (**പതിനായിരം**) രൂപയും അനുവദിച്ചുവരുന്നു. **ഇതിനു പുറമേ** വൃക്കരോഗികൾക്ക് പ്രത്യേക **ധനസഹായം** അനുവദിക്കുന്നത് സംബന്ധിച്ച **ശുപാർശകൾ** ഒന്നും തന്നെ ഇപ്പോൾ സർക്കാരിന്റെ **പരിഗണനയിൽ ഇല്ല.**

**സെക്ഷൻ ഓഫീസർ**